LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എംപ്ലോയ്മെന്റ് വകുപ്പുമുഖേന തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് നാല് ശതമാനം പലിശയിൽ 25 ലക്ഷം രൂപ വരെ ലോൺ അനുവദിക്കുന്നതിനുള്ള പ്രത്യേക തൊഴിൽദാന പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകളോ നിർദ്ദേശങ്ങളോ പരിഗണനയിലില്ല. എന്നാൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കുവേണ്ടി Entrepreneurship Development India, Ahmadabad എന്ന സ്ഥാപനവുമായി ചേർന്ന് കൊച്ചിയിൽ ഒരു സെന്റർ തുടങ്ങുവാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) തൊഴിൽരഹിത യുവജനങ്ങൾക്ക് പ്രയോജനപ്പെടുന്ന കൗശല കേന്ദ്രങ്ങൾ കൊല്ലം ജില്ലയിലും കോഴിക്കോട് ജില്ലയിലും ആരംഭിച്ചിട്ടുണ്ട്. മറ്റുള്ള ജില്ലകളിലും കൗശല കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മൂന്നാർ തോട്ടം തൊഴിലാളി സമരം

287 (976) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ തോട്ടം തൊഴിലാളി സമരം ഒത്തുതീർപ്പാക്കുന്നതിന് കൈക്കൊണ്ട തീരുമാനങ്ങളും വ്യവസ്ഥകളും എന്തായിരുന്നു; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വ്യവസ്ഥകളും തീരുമാനങ്ങളും പൂർണ്ണമായും നടപ്പിലാക്കി കഴിഞ്ഞോ ;

(സി) ഇല്ലെങ്കിൽ ഏതൊക്കെ തീരുമാനങ്ങളാണ് നടപ്പിലാക്കിയതെന്നും ഏതൊക്കെ തീരുമാനങ്ങളാണ് ഇനി നടപ്പിലാക്കേണ്ടതെന്നും വ്യക്തമാക്കുമോ ;

(ഡി) നടപ്പിലാക്കേണ്ട തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് എന്ത് നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) M/s കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.) കമ്പനിയുടെ ഉടമസ്ഥതയിൽ മൂന്നാറിൽ പ്രവർത്തിച്ചുവരുന്ന വിവിധ തേയില തോട്ടങ്ങളിലെ തൊഴിലാളികളുടെ 2014-15 വർഷത്തെ ബോണസ് സംബന്ധിച്ചുണ്ടായിരുന്ന തർക്കം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 13-9-2015 തീയതിയിൽ വിളിച്ചുചേർത്ത ബന്ധപ്പെട്ട കക്ഷികളുടെ യോഗത്തിൽ ഒത്തുതീർപ്പായി. ഒത്തുതീർപ്പ് വ്യവസ്ഥകൾ ചുവടെ ചേർക്കും പ്രകാരമാണ്.

1. M/s കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ ലിമിറ്റഡ് (കെ.ഡി. എച്ച്. പി.) മൂന്നാറിലെ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 2014-15 വർഷത്തേക്ക് ബോണസ് നിയമപ്രകാരം 8.33 ശതമാനം ബോണസും കൂടാതെ 11.67 ശതമാനം ഉക എക്സ്ഗ്രേഷ്യയായും സ്പെഷ്യൽ കേസായി നൽകുന്നതാണ്. (ആകെ 20 ശതമാനത്തിന് തുല്യമായ തുക).

2. ടി തുക 21-9-2015 തീയതിയിലോ അതിനുമുമ്പോ വിതരണം നടത്തുന്നതാണ്.

3. തൊഴിലാളികളുന്നയിച്ച വേതന വർദ്ധനവ് ഉൾപ്പെടെയുള്ള ഇതര വിഷയങ്ങൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

4. 1951-ലെ തോട്ടം തൊഴിലാളി നിയമപ്രകാരവും മറ്റ് തൊഴിൽ നിയമപ്രകാരവും തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള നിയമലംഘനങ്ങൾ സംബന്ധിച്ച് പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ അടിയന്തരമായി പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടാതെ തോട്ടം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാനത്ത് നടന്ന തോട്ടം തൊഴിലാളി സമരം 14-10-2015 തീയതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ വച്ച് ഒത്തുതീർപ്പായി. ഇതുപ്രകാരമുള്ള തൊഴിലാളികളുടെ വേതന വർദ്ധനവ് സംബന്ധിച്ചുള്ള വ്യവസ്ഥകൾ ചുവടെ പറയും പ്രകാരമാണ്. തേയിലത്തോട്ടം തൊഴിലാളികളുടെ വേതനം 232 രൂപയിൽനിന്നും 301 രൂപയായി വർദ്ധിപ്പിച്ചു. ഏലത്തോട്ടം തൊഴിലാളികളുടെ വേതനം 267 രൂപയിൽ നിന്നും 330 രൂപയാക്കി വർദ്ധിപ്പിച്ചു. റബ്ബർത്തോട്ടം തൊഴിലാളികളുടെ വേതനം 317 രൂപയിൽനിന്നും 381 രൂപയാക്കി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബോണസ് സംബന്ധിച്ച് ഒത്തുതീർപ്പ് നടപ്പിലായി 20 ശതമാനം ബോണസ് തൊഴിലാളികൾക്ക് വിതരണം ചെയ്തു. വേതന വർദ്ധനവ് 2015 നവംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതിന് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമായി.

(സി) വേതന വർദ്ധനവ് 2015 നവംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതിന് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമായി. ബാക്കിയുള്ള വ്യവസ്ഥകൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റി അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഡി) ബോണസ്, വേതന വർദ്ധനവ് എന്നിവ ഒഴികെയുള്ള മറ്റ് വ്യവസ്ഥകൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമാകേണ്ടതുണ്ട്. ആയത് തീരുമാനമാകുന്ന മുറയ്ക്ക് ടി തീരുമാനങ്ങൾ നടപ്പിലാക്കാത്ത തോട്ടമുടമകൾക്കെതിരെ 1951-ലെ പ്ലാന്റേഷൻ തൊഴിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പരമ്പരാഗത വ്യവസായ മേഖലയിലെ പ്രതിസന്ധി

288 (977) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലയിലെ പ്രതിസന്ധി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കശുവണ്ടി, ബീഡി മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത മേഖലയിൽനിന്നും വിരമിച്ചവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നിലവിൽ നൽകിക്കൊണ്ടിരിക്കുന്നത്. വിശദമാക്കാമോ;

(ഡി) ഇവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) അവശതമൂലം തൊഴിൽ ചെയ്യാൻ കഴിയാതെ അവശതാ സർട്ടിഫിക്കറ്റ് ഹാജരാക്കി സ്വയം വിരമിക്കുന്നവർക്ക് എക്സ്ഗ്രേഷ്യയായി പരമാവധി 5000 രൂപയും അവശതാ പെൻഷനായി പ്രതിമാസം 600 രൂപയും നൽകുന്നു. സൂപ്പറാനുവേഷനായി

LIBRARY ARCHIVES Kerala Legislative Assembly